NP – 105

24

# IV Semester B.Com. Degree Examination, July/August 2024
## (NEP Scheme)
## MALAYALAM LANGUAGE (Paper – IV, Part – II)

Time : 2½ Hours | Max. Marks : 60

### SECTION – A

I. **എല്ലാ** ചോദ്യങ്ങൾക്കും **ശരിയുത്തരം** തിരഞ്ഞെടുത്തെഴുതുക. (7×1=7)

1) 'കുറത്തി' എന്ന കവിതയുടെ രചയിതാവ്

1) രാമൻ കണ്ണന്തളി 2) കടമ്മനിട്ട രാമകൃഷ്ണൻ

3) ആറ്റൂർ രവിവർമ്മ 4) കുമാരനാശാൻ

2) നീലകടുക്കൻ ആരുടേതാണ് ?

1) ചെല്ലപ്പനാശാരി 2) തകര

3) ശിവശങ്കരപ്പിള്ള 4) മാതുമൂപ്പൻ

3) അഴകൻ, പൂവാലി ആരാണ് ?

1) പശുക്കൾ 2) മത്സ്യങ്ങൾ

3) പൂച്ചകൾ 4) പക്ഷികൾ

4) മാതുമൂപ്പന്റെ മകൾ ആരാണ് ?

1) സീത 2) സുഭാഷിണി

3) നീലി 4) അഴകി

5) അഴകനും, പൂവാലിയും എവിടെയാണ് താമസിക്കുന്നത് ?

1) കച്ചായിക്കായലിൽ 2) ശൂലാപ്പ് കാവ്

3) അഷ്ടമുടിക്കായൽ 4) വെമ്പനാട്ട് കായൽ

6) 'തകര'യുടെ രചയിതാവ് ആര് ?

1) പത്മരാജൻ 2) സ്ക്കറിയ

3) എം. മുകുന്ദൻ 4) ടി. പത്മനാഭൻ

7) കൈകളിലൊതുക്കി ഞാൻ തിരിച്ചും മറിച്ചുമെൻ
കൗതുകം കളിവിട്ടു കണ്ണുകൾ മിഴിച്ചലോ – എന്തിനെക്കുറിച്ചാണ് പറയുന്നത് ?

1) ആപ്പിൾ 2) തേങ്ങ

3) അരി 4) ഓറഞ്ച്

St Claret College LIBRARY Bangalore-560013

P.T.O.

II. ഏതെങ്കിലും **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക. (ആശയം, സന്ദർഭം വ്യക്തമാക്കുക) **(4×3=12)**

1) കനിയായിരുന്നെങ്കിൽ കുടിക്കാം, പൂവാണെങ്കിൽ
മണക്കാ, മിതിനോടിന്നെങ്ങനെ പെരുമാറും

2) നദിയരിച്ച്, കാടരിച്ച്, കടലരിച്ച്
കനകമെന്നും, കാഴ്ചതന്നില്ലേ ഞങ്ങൾ

3) അയൽവക്കത്തെ വിധവയുടെ മകൻ
ഭ്രാന്തുപിടിച്ചോടിപ്പോയതു ഞാനറിഞ്ഞു

4) ചുറ്റും കെട്ടിയ മുൾവേലിക്കെട്ടിൽ
ചുറ്റപ്പെട്ടു കഴിയുന്നു നമ്മൾ

5) മരംവെട്ടുകാരന്റെ മഴു തിരിഞ്ഞ്
അവനിലേക്കുത്തന്നെ ആഴ്ന്നിറങ്ങിയതുമറിഞ്ഞു

6) നായ്ക്കളെ മെരുക്കി, പൈക്കളെ
കറന്നു പാലു നിറച്ചു തന്നില്ലെ ഞങ്ങൾ

## SECTION – B

III. ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (**അരപുറ**ത്തിൽ കവിയാതെ). **(4×5=20)**

1) 'പ്രകാശം പരത്തുന്ന പെൺകുട്ടി' ആ തലക്കെട്ടിനോട് നിങ്ങൾ യോജിക്കുന്നുവോ ? വിവരിക്കുക.

2) രണ്ടു മത്സ്യങ്ങളുടെ ജീവിതം വിവരിക്കുക.

3) ഗുരുവും ശിഷ്യരുടെയും അടുപ്പത്തെ റോസി തോമസ് എങ്ങനെ വിലയിരുത്തുന്നു ?

4) ഉപന്യാസം തയ്യാറാക്കുക.

ജനാധിപത്യവും ഭരണകൂടവും.

5) കത്തെഴുതുക.

നിങ്ങൾ പോയ വിനോദയാത്രയെക്കുറിച്ച് സുഹൃത്തിന് ഒരു കത്തെഴുതുക.

6) ആശയം **മൂന്നിലൊന്നായി** സംഗ്രഹിക്കുക.

സംഗീതം ഒരു രൂപനിർമ്മിതിയാണ്. നിരാകാരകലകളെന്നും സംസ്ക്കാര കലകളെന്നും പണ്ഡിതന്മാർ വേർതിരിച്ചിട്ടുണ്ടെങ്കിലും സംഗീതം പോലും രൂപ സൃഷ്ടിയാണ് എന്നു കാണാൻ പ്രയാസമില്ല. രൂപ നിർമ്മിതിയായതുകൊണ്ടാണ് അതിനു ഭാവങ്ങൾ പകരാൻ കഴിയുന്നത്. താരാട്ടു പാടിയാൽ കുട്ടികൾ ഉറങ്ങുന്നത് ഉറക്കം ഉണ്ടാകാനുള്ള ഡിസൈൻ ആ പാട്ടിൽ ഉള്ളതുകൊണ്ടാണ്. വേകട ഉത്സാഹത്തെയും നീലാംബരി ശാന്തിയേയും മുഖാരി ശോകത്തേയും ഉണർത്തുന്ന രാഗങ്ങളായത് അത്തരം ഒരു ഡിസൈനിങ്ങ് നിർവ്വഹിച്ചിട്ടുള്ളതുകൊണ്ടാണ്. ജീവിതത്തിൽ നാം ചെയ്യുന്ന ഏതു പ്രവൃത്തിയും താള നിബദ്ധമാണ്. നമ്മുടെ താളബോധവും സംഗീതത്തിലെ താളവും പരസ്പരം ലയം സംഭവിക്കുമ്പോഴാണ് സംഗീതം ആസ്വാദ്യകരമായിത്തീരുന്നത്. സംഗീതത്തിലെ രൂപസംവിധാനം പോലെത്തന്നെയാണ് കവിതയിലെ ഛന്ദോവത്ക്കരണം. എല്ലാ കലകളും നൃത്തസംവിധാനമാണെന്ന് ഹാമ്‌ലോക്ക് എല്ലിസ് എന്ന പണ്ഡിതൻ പറയുന്നുണ്ട്.

## SECTION – C

IV. **ഒരു പുറ**ത്തിൽ കവിയാതെ ഉത്തരമെഴുതുക.

1) കുറത്തി എന്ന കവിതയ്ക്ക് ഒരാസ്വാദനമെഴുതുക.

**അല്ലെങ്കിൽ**

മനുഷ്യമനസ്സുകളുടെ ഭാവങ്ങളാണ് 'തേങ്ങ' എന്ന കവിത. വിവരിക്കുക.

**(1×7=7)**

2) ബുദ്ധിയുറയ്ക്കാത്ത ഒരു കുട്ടിയുടെ ജീവിതത്തെ നശിപ്പിക്കുന്ന സമൂഹത്തെ കഥാകാരൻ വളരെ മനോഹരമായി 'തകര' എന്നതിലൂടെ വെളിപ്പെടുത്തുന്നു. – വിവരിക്കുക.

**അല്ലെങ്കിൽ**

ചെല്ലപ്പനാശാരി എന്ന കഥാപാത്രം. **(1×7=7)**

3) 'കുടുംബം പിറക്കുന്നു' – എന്നതിലെ ആശയം – 'ഇവൻ എന്റെ പ്രിയ സി. ജെ.' അടിസ്ഥാനമാക്കി വിവരിക്കുക.

**അല്ലെങ്കിൽ**

'മനുഷ്യനാണ് മാനദണ്ഡം' എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത് ? സി. ജെ.യുടെ ജീവിതം അടിസ്ഥാനമാക്കി വിവരിക്കുക. **(1×7=7)**